DESPATCHED
On 17/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1082*(2)/2021*/*എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9689**/*എസ്.ഐ.സി-ജി 6/21*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ഷിനോജ് എസ്സ്.,
സെക്രട്ടറി
കെ.പി.സി.സി. വിചാർ വിഭാഗ്,
മാവേലിക്കര, ആലപ്പുഴ. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഇൻസ്പെക്ടർ എസ്.എച്ച്.ഒ.,
കായംകുളം പോലീസ് സ്റ്റേഷൻ, ആലപ്പുഴ.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
കായംകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28.01.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.02.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.03.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.03.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.08.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 25.08.2021 |
| ഹിയറിംഗ് നടന്ന തീയതി | 19.01.2023, വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

<u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 28.01.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ടി കാര്യാലയത്തിലെ (01.08.2020 തീയതി മുതൽ 31.12.2020) വരെ യുള്ള പോലീസ് സ്റ്റേഷൻ ഡയറിയുടെ പകർപ്പ് നൽകണമെന്നും

2) ടി കാര്യാലയത്തിലെ (01.08.2020 തീയതി മുതൽ 31.12.2020) വരെ യുള്ള ഡ്യൂട്ടി രജിസ്റ്ററിന്റെ പകർപ്പ് നൽകണമെന്നും

3) ടി കാര്യാലയത്തിലെ (01.08.2020 തീയതി മുതൽ 31.12.2020) വരെ യുള്ള മൂവ്മെന്റ് രജിസ്റ്ററിന്റെ പകർപ്പ് നൽകണമെന്നും

4) മേൽപ്പടി കാലയളവിലെ അറ്റന്റൻസ് രജിസ്റ്ററിന്റെ പകർപ്പ്,

5) ടി സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 1392/2020 കേസിന്റെ FIR, Wound Certificate, Charge Sheet അതിനോടനുബന്ധ രേഖകളുടെ പകർപ്പ്,

6) ടി സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 1392/2020 കേസിന്റെ എഫ്.ഐ. ആർ.തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ പേര്, പദവി, എന്നിവ നൽകണമെന്നും

7) ടി നമ്പർ കേസിൽ (1392/2020) അന്തിമ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കിയിട്ടുണ്ടോ എന്നു തുടങ്ങി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 27.02.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) ഇക്കാര്യത്തിലേയ്ക്ക് ടിയാന് ആവശ്യമായ രേഖകളുടെ പകർപ്പ് പ്രവൃത്തി ദിവസങ്ങളിലെ പ്രവൃത്തി സമയത്തിനുള്ളിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിച്ച് പകർപ്പുകൾക്ക് ചെലാൻ രസീത് ഹാജരാക്കുന്ന മുറയ്ക്ക് കൈപ്പറ്റാവുന്നതാണെന്നും

2) കോവിഡ് രോഗം പിടിപെട്ട് കായംകുളം പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ അവധിയിൽ ആയതിനാൽ ടി കാലയളവിൽ കായംകുളം പോലീസ് സ്റ്റേഷനിൽ മറ്റു സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരാണ് ജോലി നോക്കിയിരുന്നത് എന്നും അക്കാരണത്താൽ ഡ്യൂട്ടി രജിസ്റ്റർ പ്രോപ്പറായി രേഖപ്പെടുത്തിയിട്ടില്ലെന്നുമാണ്.

3) ടി കാര്യത്തിലേയ്ക്ക് ടിയാന് ആവശ്യമായ രേഖകളുടെ പകർപ്പ് പ്രവൃത്തി ദിവസങ്ങളിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിച്ച് പകർപ്പുകൾക്ക് ചെലാൻ രസീത് ഹാജരാക്കുന്ന മുറയ്ക്ക് കൈപ്പറ്റാവുന്നതാണെന്നും

4) പ്രസ്തുത പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നുവെന്നും

5) എഫ്.ഐ.ആർ.ന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു വെന്നും അന്വേഷണാവസ്ഥയിലുള്ള കേസ്സിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ടി അവസരത്തിൽ ലഭിക്കുകയില്ല എന്നും

6) എഫ്.ഐ.ആർ.തയ്യാറാക്കിയത് യോഗിദാസ്സ് കെ.കെ.പോലീസ് സബ് ഇൻസ്പെക്ടർ (ഗ്രേഡ്) ആണെന്നും

7) അന്തിമ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കിയിട്ടില്ലെന്നും

8) കേസ്സുകളിലെ അന്വേഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് അന്തിമ റിപ്പോർട്ട് ഹാജരാക്കുമെന്നും

9) ഔദ്യോഗിക വാഹനങ്ങളുടെ എണ്ണം 5 ആണെന്നും ഇക്കാര്യത്തിലേയ്ക്ക് ടിയാന് ആവശ്യമായ രേഖ ആവശ്യമായ തുകയുടെ ചെലാൻ അടച്ച് കൈപ്പറ്റാവുന്നതാണെന്നും

10) ടി മറുപടിയിൽ ആക്ഷേപമുള്ള പക്ഷം 30 ദിവസത്തിനകം അപ്പീൽ അധികാരിയായ കായംകുളം ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിന് അപേക്ഷ നൽകാവുന്നതാണെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 20.03.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

ഹർജിക്കാരൻ 28.01.2020ന് കായംകുളം പോലീസ് സ്റ്റേഷനിലെ എസ്.പി. ഐ.ഒ. മുമ്പാകെ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 27.02.2021ന് മറുപടി നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും മറുപടിയിൽ അറിയിച്ചതു പ്രകാരം കായംകുളം സ്റ്റേഷനിൽ ഹാജരായി രേഖകൾ പരിശോധിച്ച് ടിയാന് ആവശ്യമുള്ളതും ലഭ്യമാക്കാവുന്നതുമായ രേഖകൾക്ക് നിശ്ചിത ഫീസ് അടച്ച് പകർപ്പ് കൈപ്പറ്റാവുന്നതുമാണെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് എത്ര പേജുകൾ ഉണ്ടേന്നോ അടയ്ക്കേണ്ട തുകയോ അക്കൗണ്ട് വിവരങ്ങളോ നൽകിയില്ലെന്നും എസ്.പി.ഐ.ഒ.യുടെ നടപടി ന്യായീകരിക്കുകയാണ് അപ്പീൽ അധികാരി ചെയ്തതെന്നുമാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമനമ്പർ 1, 3, 9 എന്നിവയ്ക്ക് സൗജന്യമായി പകർപ്പ് നൽകണമെന്നും 4-ാം ഇനത്തിന്റെ പകർപ്പ് അയച്ചുകൊടുക്കണമെന്നും കൂടാതെ റിപ്പോർട്ടിന്റെ പകർപ്പും ഹർജിക്കാരന് നൽകണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 മാർച്ച് 08-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
GA/